ദൈവദാസൻ ബ്ര. ഫോർത്തുനാത്തൂസിന്റെ ആത്മീയ പ്രബോധനങ്ങൾ - 4

# ഇടവിടാതെ പ്രാർത്ഥിക്കുവിൻ

*Spirituality of Daily Life*



സി. നിർമ്മല കുര്യാക്കോസ് കണ്ണമുണ്ടയിൽ എസ്. സി. ജെ. ജി

Scan with Fast Scan

# ആമുഖം

**ഇടവിടാതെ പ്രാർത്ഥിക്കുവിൻ (1 തെസലോനിക്കാ 5:17)**

കാലാകാലങ്ങളായി ആത്മീയ പോരാട്ടത്തിലായിരിക്കുന്ന ഏവരുടെയും മുന്നിലെ ഒരു ചോദ്യമായിരുന്നു "എപ്പോഴും പ്രാർത്ഥിക്കുക" എന്ന വി. ഗ്രന്ഥാഹ്വാനം എങ്ങനെ പ്രാവർത്തികമാക്കാം. ഇതിന് ഉത്തരവുമായി ഓരോ കാലഘട്ടത്തിന്റെയും പ്രത്യേകതകളും വെല്ലുവിളികളും ഉൾക്കൊണ്ടുകൊണ്ട് പല പ്രാർത്ഥനാ-ധ്യാനരീതികൾ ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ കടന്നുവന്നിട്ടുണ്ട്.

1960 കളുടെ അവസാനത്തിൽ കേരളത്തിന്റെ, അന്ന് കോട്ടയം ജില്ലയുടെ ഭാഗമായിരുന്ന കട്ടപ്പന ഉൾപ്പെടുന്ന മലയോര മേഖലയിലേക്ക് നവോത്ഥാന സന്ദേശവുമായി കടന്നുവന്ന ഒരു ജർമ്മൻ മിഷനറിയാണ് ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്. ജർമ്മനിയുടെ സമ്പന്നതയിൽ നിന്ന് മലയോരമേഖലയുടെ ദരിദ്രാവസ്ഥയിലേയ്ക്ക് കടന്നുവന്ന ഈ മിഷനറിയെ സ്വീകരിച്ചത് പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളായിരുന്നു. പ്രതികൂല സാഹചര്യങ്ങളിൽ അടിപതറാതെ, പ്രതിസന്ധികളിൽ പകച്ചു നിൽക്കാതെ, പകർച്ചവ്യാധികൾ കണ്ട് ഓടിപ്പോകാതെ, ഇല്ലായ്മകളിൽ മനം മടുക്കാതെ, ഒറ്റപ്പെടലുകളിൽ മനസ്സു തളരാതെ പരാജയ നിമിഷങ്ങളിൽ പാതിവഴിയിൽ ഉപേക്ഷിക്കാതെ ദൈവത്തിൽ ആശ്രയിച്ചു മുന്നേറിയ ഒരു മിഷനറിയെയാണ് കട്ടപ്പനയും പരിസരപ്രദേശവും കണ്ടത്. അപ്രകാരം മുന്നോട്ടു നീങ്ങുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച വലിയ രഹസ്യം ആ വ്യക്തിയിൽ അന്തർലീനമായിരുന്ന ആദ്ധ്യാത്മികതയാണ്. ആ ജീവിതനാൾ വഴിയിൽ അല്പം പുറകോട്ടു നടന്നാൽ പ്രായോഗിക ആദ്ധ്യാത്മികതയുടെ പരിശീലന കളരി നമ്മുടെ മുമ്പിൽ അനാവൃതമാകുന്നു.

Scan with Fast Scan

ജർമ്മനിയിലെ ബർലിനിൽ ജനിച്ചെങ്കിലും ദൈവദാസൻ വളർന്നത് പോളണ്ടിലെ സിലേസിയൻ മലയോരപ്രദേശത്ത് വോൾപ്പസ് ഡോർഫ് എന്ന വനമേഖലയിലാണ്. ഗ്രാമീണതയുടെ ലാളിത്യവും മാതാപിതാക്കളുടെ കഷ്ടപ്പാടും കുടുംബത്തിലെ ദൈവഭക്തിയും സഹപാഠികളിൽ നിന്നു കിട്ടിയ നല്ല ഗുണങ്ങളും, അധ്യാപകരുടെ നല്ല ശിക്ഷണവും ബന്ധുജനങ്ങളുമായി ഉണ്ടായിരുന്ന നല്ല സമ്പർക്കവും ദൈവദാസന്റെ ആത്മീയതയ്ക്ക് അടിത്തറ പാകി. അത് കാലാന്തരത്തിൽ തനതായ ഒരു ആദ്ധ്യാത്മികജീവിതശൈലിയിലേക്ക് അദ്ദേഹത്തെ നയിച്ചുവെന്നാണ് ആ മഹത്ജീവിതത്തിലേക്ക് കടന്നു ചെല്ലുമ്പോൾ മനസിലാകുക. അതുകൊണ്ടാണ് രണ്ടാം ലോകമഹായുദ്ധകാലത്ത് സ്വന്തജീവൻ അപകടത്തിലായിരുന്ന അവസരത്തിൽ പോലും, അപരന്റെ ജീവന് കാവലാളാകാൻ അദ്ദേഹത്തിന് സാധിച്ചത്.

അപരനിൽ സജീവമായിരിക്കുന്ന ദൈവസാന്നിധ്യം കണ്ടെത്തി അവരെ ഈശോയായി ശുശ്രൂഷിച്ചതാണ് ദൈവദാസനിൽ എല്ലാവർക്കും കണ്ടെത്തുവാൻ സാധിച്ച പ്രധാനഗുണം. അദ്ദേഹം പറഞ്ഞു: ''പ്രാർത്ഥിക്കാൻ കപ്പേളയിലേക്കോ, പള്ളിയിലേക്കോ പോകുമ്പോൾ നാം ദൈവത്തിന്റെ അടുത്തേക്ക് പോകുന്നു. എന്നാൽ സഹോദരങ്ങളെ സ്നേഹിക്കുമ്പോൾ, ശുശ്രൂഷിക്കുമ്പോൾ ദൈവം നമ്മുടെ അടുക്കലേക്ക് വരുന്നു''.

പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ ഭാഷയിൽ സമർപ്പിത ജീവിതം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി "ദൈവസാന്നിധ്യം അവഗണിക്കുന്ന ഒരു ലോകത്തിൽ വിശ്വാസത്തിന്റെ കണ്ണുകളോടുകൂടി അവിടുത്തെ കാണുന്നത് തുടരുക" എന്നതും അത് അടുത്ത തലമുറയിലേക്ക് കൈമാറുക എന്നതുമാണ്. ദൈവവുമായുള്ള ഈ കണ്ടുമുട്ടൽ എപ്രകാരമാണ് ലോകത്തെയും മനുഷ്യരെയും ധ്യാനാത്മക മനോഭാവത്തോടുകൂടി സമീപിക്കുവാനും ദൈനംദിന ചുമതലകൾ സ്നേഹത്തോടെ നിർവ്വഹിക്കാനും ഒരു വിശ്വാസിയെ അനുവദിക്കുന്നതെന്ന് ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് തന്റെ പ്രബോധനങ്ങളിലൂടെ നമുക്കു വെളിപ്പെടുത്തുന്നു.

Scan with Fast Scan

പരിശുദ്ധ ഫ്രാൻസിസ് പാപ്പ ഓർമ്മിപ്പിക്കുന്നു: "വാക്കുകൾ കൊണ്ടു മാത്രമല്ല, എല്ലാറ്റിലുമുപരി ദൈവസാന്നിധ്യത്തിൽ രൂപാന്തരപ്പെട്ട ഒരു ജീവിതം കൊണ്ട് സദ്വാർത്ത പ്രഘോഷിക്കുന്ന സുവിശേഷകരെയാണ് ക്രിസ്തുവിനാവശ്യം. അരൂപി നിറഞ്ഞ സുവിശേഷകർ പ്രാർത്ഥിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നവരാണ" (സുവിശേഷത്തിന്റെ ആനന്ദം 259). പരിശുദ്ധ പാപ്പയുടെ ഈ വാക്കുകൾക്ക് ജീവിതത്തിലൂടെ 20 -നൂറ്റാണ്ടിന്റെ അവസാന പകുതിയിലും 21 - ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും സാക്ഷ്യമേകിയ മഹത് വ്യക്തിയാണ് ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്.

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ ക്ലാസ്സുകളും പ്രബോധനങ്ങളും ധ്യാനചിന്തകളും വിശകലനം ചെയ്യുമ്പോൾ അവിടെ കണ്ടെത്തുവാൻ കഴിയുന്ന പ്രധാന കാര്യം പ്രാർത്ഥനയും പ്രവർത്തനവും ഒരുമിപ്പിച്ചു കൊണ്ടുപോകുവാൻ നടത്തിയ പഠനപരിശീലനങ്ങളാണ്. അനുദിനജീവിതത്തിന് ഒരു ആദ്ധ്യാത്മികത രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം ജീവിച്ചു. അത് ജീവിക്കുന്നതിനും രൂപപ്പെടുത്തുന്നതിനും സാധിച്ചു എന്നതാണ് ദൈവദാസന്റെ ജീവിതത്തെ മഹത്തരമാക്കിയത്. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ബഹിർഗമനങ്ങളായിരിക്കുമല്ലോ ആ വ്യക്തിയുടെ ആത്മീയ ചിന്തകളും പഠനങ്ങളും.

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്, ആദ്ധ്യാത്മികതയിൽ വളരാൻ തന്റെ ആത്മീയമക്കൾക്ക് പകർന്നു തന്ന കുറക്കുവഴികളാണ് ഈ പുസ്തകത്തിന്റെ പ്രധാന പ്രതിപാദ്യം. അനുദിനജീവിതാദ്ധ്യാത്മികത (Spirituality Of Daily Life) എന്ന് ഇതിനെ വിശേഷിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. പ്രവർത്തന മേഖലകളിൽ മുഴുകിയിരിക്കുന്ന ഒരു വ്യക്തിക്ക് എങ്ങനെ ആദ്ധ്യാത്മികതയിൽ മുന്നേറാം എന്ന് തികച്ചും ലളിതമായ രീതിയിൽ പ്രായോഗിക തലത്തിൽ അവതരിപ്പിക്കുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ പ്രത്യേകത. അദ്ദേഹത്തിന്റെ പ്രബോധനങ്ങളെ ആറു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ഗ്രന്ഥം, പ്രാർത്ഥന, ആധ്യാത്മികത, ദൈനംദിന ജീവിത ആദ്ധ്യാത്മികത, ആത്മീയജീവിതം, ഭൗതിക യാഥാർത്ഥ്യങ്ങളും ആധ്യാത്മികതയും, വചനവിചിന്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ വളരെ ലളിതമായ

Scan with Fast Scan

രീതിയിൽ അവതരിപ്പിക്കുന്നു. ആധുനിക കാലഘട്ടത്തിൽ എങ്ങനെ ഒരു മിസ്റ്റിക്കായി തീരാം എന്നും നമുക്ക് വിവരിച്ചു തരുന്നുണ്ട്.

കാലദേശാന്തരങ്ങൾക്കതീതമായി സഞ്ചരിച്ച ഒരു വ്യക്തിയായിരുന്നു ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്. അദ്ദേഹത്തിന്റെ ആത്മീയ പ്രബോധനങ്ങൾ കാലഘട്ടങ്ങളെ അതിജീവിച്ച് എന്നും പുതുമയാർന്ന്, ചൈതന്യം പകർന്ന് നിലനിൽക്കുമെന്ന് പ്രത്യാശിക്കാം.

"എല്ലാറ്റിലും എല്ലാവരിലും എല്ലാ സമയവും ദൈവത്തിന്റെ മുഖം തേടുക: ഓരോ സംഭവത്തിലും അവിടുത്തെ കരം കാണുക. ലോകത്തിന്റെ ഹൃദയത്തിൽ ധ്യാനശീലരാകുക" (ധ്യാനിക്കുവിൻ 70) എന്നതിന്റെ അർത്ഥം കട്ടപ്പനയിൽ പാവങ്ങളോടൊത്തു ജീവിച്ചു മരിച്ച ദൈവദാസൻ ഫോർത്തുനാത്തൂസ് തന്റെ ആത്മീയ പ്രബോധനങ്ങളിലൂടെ നമുക്കു പകർന്നു തരുമ്പോൾ, അത് നമ്മുടെ പാദങ്ങൾക്കു വിളക്കും വഴികളിൽ വെളിച്ചവുമായിരിക്കട്ടെ.

**സി. നിർമ്മല കുര്യാക്കോസ് കണ്ണമുണ്ടയിൽ SCJG**
**സുപ്പീരിയർ ജനറൽ**
സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ്
സെന്റ് ജോൺ ഓഫ് ഗോഡ് കട്ടപ്പന.

**8 മാർച്ച് 2024**
സെന്റ് ജോൺ ഓഫ് ഗോഡിന്റെ തിരുനാൾ

Scan with Fast Scan



"പ്രാർത്ഥിക്കുമ്പോൾ നാം
ദൈവത്തിന്റെ അടുക്കലേക്കു പോകുന്നു.
സഹോദരങ്ങളെ സ്നേഹിക്കുമ്പോൾ
ദൈവം നമ്മുടെ അടുത്തേയ്ക്കു വരുന്നു".

SISTERS OF CHARITY OF ST JOHN OF GOD

Scan with Fast Scan